പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6631 12.07.2012 -ലെ മറുപടി

ഡീസൽ ക്ഷാമംമൂലം കെ.എസ്.ആർ.ടി.സി. യ്ക്ക് നഷ്ടം

ചോദ്യം

ശ്രീ. മാത്യു. റ്റി. തോമസ്

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ ഒരു മാസക്കാലമായി ഡീസൽക്ഷാമംമൂലം കെ.എസ്.ആർ.ടി.സി. യുടെ എത്ര ഷെഡ്യൂളുകൾ മുടങ്ങിയിട്ടുണ്ട്; | (എ) | ഡീസൽ ക്ഷാമത്തെ തുടർന്ന് കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ മുടങ്ങിയിട്ടില്ല. ചില ഡിപ്പോകളിൽ ഡീസൽ ലഭ്യമാകാതെ വന്നതിനെ തുടർന്ന് സമീപ ഡിപ്പോകളിൽ നിന്നും ഡീസലടിച്ച് സർവ്വീസ് നടത്തുകയുണ്ടായിട്ടുണ്ട്. |
| (ബി) | ഡീസൽക്ഷാമംമൂലം കെ.എസ്.ആർ.ടി.സി. യ്ക്ക് എത്ര രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്; | (ബി) | ഡീസൽ ക്ഷാമം മൂലം കെ.എസ്.ആർ.ടി.സി.ക്ക് നഷ്ടം ഉണ്ടായിട്ടില്ല. |
| (സി) | നിലവിൽ ഓയിൽ കമ്പനികൾക്ക് കെ.എസ്.ആർ.ടി.സി. എത്ര രൂപ കൊടുക്കുവാനുണ്ട്; | (സി) | 07.07.2012 -ൽ I.O.C -യ്ക്ക് ഡീസൽ വാങ്ങിയ ഇനത്തിൽ 10.81 കോടി രൂപയും, ലൂബ്രിക്കന്റ്സ് വാങ്ങിയ ഇനത്തിൽ 1.7 കോടി രൂപയും , H.P.C - യ്ക്ക് 1.15 കോടി രൂപയും കെ.എസ്.ആർ.ടി.സി. നൽകുവാനുണ്ട്. |
| (ഡി) | എങ്കിൽ ഇത് പരിഹരിക്കുവാൻ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്? | | വരുമാന വർദ്ധന ഉണ്ടാകുന്ന മുറയ്ക്ക് ടി ബാദ്ധ്യത കൊടുത്തു തീർക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ